● ലേഖനം

* ത്വാഹാ ഗയ്യൂർ

# പ്രബോധനം ഒരു ജീവിതശൈലി

*'ലാ ഇലാഹ ഇല്ലല്ലാഹ്'* എന്ന ഇസ്‌ലാമിന്റെ ആദർശവാക്യം ഏറ്റവും ശക്തമായ ഒരു വിളംബരമാണ്. വാക്കുകൾക്കപ്പുറത്ത് ഉജ്ജ്വലമായ ഒരാശയവും പ്രത്യയശാസ്ത്രവുമുണ്ട്. വചനത്തിന്റെ പുലർച്ചക്കായി ഏതേത് സമൂഹങ്ങളും നാഗരികതകളും സാമ്രാജ്യങ്ങളും യത്നിച്ചുവോ അവ ഉയർച്ച പ്രാപിക്കുന്നതും ആ ആദർശവാക്യത്തെ നിരാകരിച്ചവർ തകരുന്നതും നാം കാണുന്നു'- യഹ്‌യ എമിറിക്ക് അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ എഴുതി.

അപ്പോൾ സ്വാഭാവികമായും ഒരു സംശയം ഉയരുന്നു: ഇത്രയും അമൂല്യമായ ഒരു നിധി, അതായത് ഇസ്‌ലാം എന്ന ജീവിതവ്യവസ്ഥ മുസ്‌ലിംകളുടെ കൈവശമുണ്ടായിരുന്നിട്ടും അത് മറ്റുള്ളവരുമായി പങ്കുവെക്കാനുള്ള അഭിനിവേശം അവരിൽ ഉണ്ടാകാത്തത് എന്തുകൊണ്ട്? വഴിതെറ്റി ദൈവാസ്തിക്യത്തെ വരെ സംശയിക്കുന്നവരെ രക്ഷപ്പെടുത്താൻ ഈ ആദർശവാക്യവുമായി അവർ ഇറങ്ങിത്തിരിക്കാത്തതെന്ത്?

അബൂദർറുൽ ഗിഫാരി, മുസ്അബുബ്നു ഉമൈർ, മുആദുബ്നു ജബൽ, ജഅ്ഫറുബ്നു അബീത്വാലിബ്... ഇങ്ങനെ പ്രവാചകന്റെ സന്തത സഹചാരികളായ ഏതൊരാളുടെയും ചരിത്രം പരിശോധിച്ചുനോക്കൂ. ഇസ്‌ലാമിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്താനുള്ള ആവേശം അവരുടെ ഹൃദയത്തിൽ അഗ്നിപോലെ ജ്വലിച്ചുകൊണ്ടിരുന്നു. ദഅ്‌വാ പ്രവർത്തനം, അഥവാ മറ്റുള്ളവരെ സത്യത്തിലേക്ക് ക്ഷണിക്കൽ ഒരാൾക്ക് സ്വയമേവ ഉണ്ടാവേണ്ട വികാരമാണ്. സിദ്ധാന്തങ്ങൾ കൊണ്ട് ജീവിച്ചു കാണിക്കുകയും ജനങ്ങൾക്ക് പ്രതീക്ഷ നൽകുകയും ചെയ്യേണ്ട ഒരു ആദർശമാണ് ഇസ്‌ലാം. സമൂഹത്തിന്റെ മസ്തിഷ്കത്തിലും ഹൃദയത്തിലും പരിവർത്തനവും പുനരുജ്ജീവനവും സൃഷ്ടിക്കുന്നതിനാണ് ദഅ്‌വാ പ്രവർത്തനം എന്നു പറയുന്നത്. ഗ്രന്ഥകാരനും പ്രബോധകനുമായ ഖുർറം മുറാദ് വിവരിച്ചതുപോലെ, ദഅ്‌വാ പ്രവർത്തനം ഒരു മാനസികാവസ്ഥയാണ്, ലോകവീക്ഷണമാണ്, ജീവിതത്തോടുള്ള സമീപനമാണ്, സർവോപരി ജീവിതംതന്നെയാണ്.

## പെട്ടിയിൽ ബന്ധിക്കപ്പെടുമ്പോൾ

സമൂഹത്തിലെ തിന്മയുടെ ബാഹുല്യവും അരക്ഷിതാവസ്ഥയും നമ്മെ ആശങ്കപ്പെടുത്തുന്നു. ചെറുപ്പക്കാരുടെ ലഹരിയോടുള്ള ആസക്തി, കൗമാരപ്രായത്തിലെ അവിഹിത ഗർഭം, ആത്മഹത്യാ നിരക്കിലുള്ള വളർച്ച, കുടുംബത്തിന്റെ തകർച്ച തുടങ്ങി തിന്മകളുടെ പ്രളയമാണ്. എന്നിട്ടും സമൂഹം കർമോത്സുകരാവുന്നില്ല. കാനഡയിലെ മുസ്‌ലിം വിദ്യാഭ്യാസ വിചക്ഷണൻ ദാവൂദ് വറസ്ബി അലി ഒരിക്കൽ പറഞ്ഞു: "മുസ്‌ലിംകൾ, പെട്ടിക്കകത്ത് ബന്ധിതമായ ഒരു സമൂഹമായി മാറിയിരിക്കുന്നു. 'ഇസ്‌ലാം' എന്ന് വ്യവഹരിക്കപ്പെടുന്ന ഒരു പെട്ടിക്കകത്ത് അവർ സ്വയം ഒളിഞ്ഞിരിക്കുകയാണ്. മറ്റൊരാൾക്കും മനോഹരമായ ഈ ജീവിത വ്യവസ്ഥയെ അടുത്തറിയാൻ കഴിയാത്ത വിധത്തിൽ അവർ ബന്ധിതരായി കഴിയുന്നു. പെട്ടിക്കകത്തെ സുഖസുഷുപ്തിയിൽ അവർ കൂടുതൽ അലസരായി. അൽപം വെളിച്ചം അകത്തു കടക്കുമോ എന്ന് പേടിച്ച് പെട്ടിയുടെ അടപ്പ് തുറക്കുന്നില്ല. അതിരമണീയമായ ഒരു പൂവ് വായുവോ വെളിച്ചമോ കടക്കാത്ത, പോഷകാഹാരം ലഭിക്കാത്ത, പ്രകൃതിയുമായി സല്ലപിക്കാൻ കഴിയാത്ത സീൽ ചെയ്ത പെട്ടിയിൽ നശിക്കുന്നതുപോലെ, മുസ്‌ലിംസമൂഹം സ്വയം നിശ്ചലമായിരിക്കുകയാണ്. പുറത്തുള്ളവരുമായി ആശയവിനിമയത്തിന് അവർ മടിക്കുന്നു."

## പന്ത്രണ്ട് തത്ത്വങ്ങൾ

ഇസ്‌ലാമിനെ മറ്റുള്ളവരുമായി പങ്കുവെക്കേണ്ടതിന്റെ ആവശ്യകത ഉണർത്തുക മാത്രമാണ്. ആശയവിനിമയം നടത്തുമ്പോൾ 12 കാര്യങ്ങൾ പ്രബോധകൻ ശ്രദ്ധിച്ചിരിക്കണം:

1. ദഅ്‌വാ പ്രവർത്തനം ഒരു നിർബന്ധ കർമമാണ്. അത് വേണ്ടെന്നു വെക്കാൻ സ്വാതന്ത്ര്യമുള്ള ഒരു കാര്യമല്ല. നബി(സ) പറഞ്ഞു: "ഈ സന്ദേശം എത്തിക്കുക; അത് ഒരു സൂക്തമാണെങ്കിലും ശരി" (ബുഖാരി). മറ്റൊരു വചനം: "ഇസ്‌ലാമിക നിയമങ്ങളും ഖുർആനും പഠിക്കുക. എന്നിട്ട് അത് മറ്റുള്ളവർക്ക് പഠിപ്പിച്ചു കൊടുക്കുക. കാരണം ഞാൻ എന്നുമെന്നും നിലനിൽക്കുന്നവനല്ല" (ബുഖാരി). അല്ലാഹു കൽപിക്കുന്നു: "നിങ്ങൾ നല്ലതിലേക്ക് ക്ഷണിക്കുകയും നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്ന ഒരു സമുദായമായിത്തീരണം. അങ്ങനെയുള്ളവരാണ് വിജയികൾ'' (ഖുർആൻ 3:104). മുസ്‌ലിംകളുടെ ജീവിതദൗത്യം വ്യക്തമാക്കുന്ന ഒരു 'മിഷ്യൻ സ്റ്റേറ്റ്മെന്റ്' ആണിത്.

2. തെരുവുകളിലും സ്കൂളുകളിലും ജയിലുകളിലും ലഘുലേഖകൾ വിതരണം ചെയ്യുന്നതിൽ ഒതുങ്ങുന്നതല്ല ദഅ്‌വാ പ്രവർത്തനം. അതും ആവശ്യം തന്നെ. പക്ഷേ, സ്വഭാവവൈശിഷ്ട്യത്തിലൂടെ ഇസ്‌ലാമിനെ മുസ്‌ലിംകൾ ജീവിച്ചു കാണിക്കുക എന്നതാണ് പരമപ്രധാനം. അവർ അധാർമിക വൃത്തികളിൽ ഏർപ്പെട്ടാലോ പൊതു സ്ഥലങ്ങളിൽ അപമര്യാദയായി പെരുമാറിയാലോ അത് അവരുടെ ദഅ്‌വാ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് തീർച്ച. ലജ്ജയില്ലാത്ത വസ്ത്രധാരണരീതി, അസഭ്യമായ സംസാരം, ഇസ്‌ലാം നിശ്ചയിച്ച പരിധികൾ പാലിക്കാതെയുള്ള സ്ത്രീ-പുരുഷ ഇടപെടലുകൾ തുടങ്ങിയവയെല്ലാം പൊതുസമൂഹത്തിൽ അവരെക്കുറിച്ച് നിഷേധാത്മക പ്രതിഛായ സൃഷ്ടിക്കാനേ സഹായകമാവൂ.

3. ധർമോപദേശം ചെയ്യുന്നുണ്ടെങ്കിൽ അത് ആദ്യം സ്വന്തം ജീവിതത്തിൽ കാണണം. അല്ലാഹു പറയുന്നു: "വിശ്വസിച്ചവരേ, നിങ്ങൾ ചെയ്യാത്തത് പറയുന്നതെന്തിനാണ്?" (61:2).

4. വ്യക്തിപരമായി പൂർണത കൈവരിച്ചിട്ടേ ദഅ്‌വാ പ്രവർത്തനത്തിനുള്ളൂ എന്ന് വെക്കേണ്ടതില്ല. അങ്ങനെയെങ്കിൽ ദഅ്‌വാ പ്രവർത്തനം നടത്താൻ പ്രവാചകന്മാർ മാത്രമേ ഉണ്ടാവൂ. ജീവിതം എന്നു പറയുന്നത് പഠനത്തിന്റെയും പ്രയോഗവത്കരണത്തിന്റെയും അഭിവൃദ്ധിയുടെയും നിരന്തരമായ ഒരു മുന്നേറ്റ പ്രക്രിയയാണ്. ഖുർറം മുറാദ് പറഞ്ഞതുപോലെ, എല്ലാം തികഞ്ഞ ആളുകളായി മാറുന്നതുവരെ കാത്തിരിക്കാൻ നമുക്ക് സമയമില്ല. കാരണം, ഒരു ഘട്ടത്തിലും ഒരാൾ പോലും സ്വയം സമ്പൂർണനായിത്തീരുന്നില്ല!

ഒരിക്കൽ അനുചരന്മാർ നബിയോട് ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ എല്ലാ നല്ല കാര്യങ്ങളും ഞങ്ങൾക്ക് സ്വയം ചെയ്യാൻ കഴിയാതിരിക്കെ, മറ്റുള്ള

*അമേരിക്കയിലെ ഇസ്‌ലാമിക പ്രബോധകൻ

വരെ അതിലേക്ക് ക്ഷണിക്കുന്നതിൽനിന്ന് ഞങ്ങൾക്ക് മാറിനിൽക്കാമോ? എല്ലാ തിന്മകളും ഞങ്ങൾ പാടേ ഉപേക്ഷിക്കുന്നതുവരെ മറ്റുള്ളവരോട് അതിൽ ഏർപ്പെടരുത് എന്ന് ഞങ്ങൾക്ക് പറയാതിരുന്നുകൂടേ?' 'പാടില്ല'- പ്രവാചകൻ പറഞ്ഞു. 'എല്ലാ സദ്പ്രവൃത്തികളും നിങ്ങൾ ചെയ്യുന്നില്ലെങ്കിലും മറ്റുള്ളവരെ നിങ്ങൾ അതിലേക്ക് ക്ഷണിക്കണം. എല്ലാ തിന്മകളിൽനിന്നും നിങ്ങൾക്ക് വിട്ടുനിൽക്കാൻ കഴിയുന്നില്ലെങ്കിലും ദുഷ്കർമങ്ങൾ നിങ്ങൾ തടയേണ്ടതുണ്ട്' (ത്വബറാനി).

5. യുക്തി പ്രയോഗിക്കുക, ആവശ്യമുള്ളത് മാത്രം സംസാരിക്കുക. പരമ്പരാഗതമായി ഇസ്‌ലാമിനെ പഠിച്ചതുപോലെയാണ് പ്രബോധകർ പലപ്പോഴും മുസ്‌ലിംകളല്ലാത്തവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതും. അതിന്റെ ഫലമായി ആ സന്ദേശത്തിന്റെ യഥാർഥ ചൈതന്യവും യുക്തിയും പ്രബോധിതർക്ക് പിടികിട്ടാതെ പോകുന്നു. ദൈവത്തോട് എന്തുകൊണ്ട് പ്രാർഥിക്കണം എന്നു വിശദീകരിക്കുന്നതിനു മുമ്പായി ഇസ്‌ലാമിലെ ആരാധനകളുടെ വിശദവിവരങ്ങൾ നൽകുന്നത് യുക്തിസഹമല്ല. എത്ര കൂടുതൽ നാം അനാവശ്യ വിവരങ്ങൾ നൽകുന്നുവോ അത്ര കൂടുതൽ നാം പ്രബോധിതരെ ആശയക്കുഴപ്പത്തിലകപ്പെടുത്തുകയാണ് ചെയ്യുന്നത്. ദാവൂദ് അലി എന്ന പണ്ഡിതൻ പറഞ്ഞു: "നിങ്ങൾ എന്തിൽ വിശ്വസിക്കുന്നു എന്ന് ഒരാൾ നമ്മോട് ചോദിച്ചാൽ, ഞാൻ ഇസ്‌ലാമിൽ വിശ്വസിക്കുന്നു എന്നു പറയുന്നതിനു പകരം, സർവാധിനാഥനായ ഒരൊറ്റ ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പ്രഖ്യാപിക്കലാണ് കൂടുതൽ ഉചിതം. കാരണം അതിലൂടെ ഇസ്‌ലാമിനെ കൂടുതൽ അറിയാനുള്ള ജിജ്ഞാസ പ്രബോധിതനിൽ സൃഷ്ടിക്കാൻ കഴിയുന്നു."

6. നേരത്തേ പറഞ്ഞപോലെ 'പെട്ടിക്കകത്തുനിന്ന് പുറത്തുകടക്കലാ'ണ് ദഅ്‌വാ പ്രവർത്തനത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. ആത്മീയതയെ കുറിച്ചും മറ്റും തലനാരിഴ കീറുന്ന 'വൈജ്ഞാനിക' ചർച്ചകളിൽ ഏർപ്പെട്ട് സമയം പാഴാക്കുകയാണ് മുസ്‌ലിംകളിൽ വലിയൊരു വിഭാഗം. ഇസ്‌ലാം കടുത്ത പ്രതിസന്ധി നേരിടുന്ന ഈ ചരിത്രസന്ദർഭത്തിൽ സങ്കുചിത തർക്ക വിഷയങ്ങളിൽനിന്ന് പുറത്തുകടക്കാൻ അവർക്ക് കഴിയണം.

7. ഇസ്‌ലാം കാലോചിതമാണെന്നും അത് പ്രബോധിതസമൂഹത്തിന്റെ ഗുണത്തിനു വേണ്ടിയുള്ളതാണെന്നും ബോധ്യപ്പെടുത്തലാണ് ദഅ്‌വാ പ്രവർത്തനത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം. ഏകദൈവത്വം, പ്രവാചകത്വം, പരലോകം എന്നീ വിശാല തലങ്ങളിൽനിന്നുകൊണ്ട് ഇസ്‌ലാമിനെ പരിചയപ്പെടുത്തുക. അവയെ അവരുടെ ജീവിതപ്രശ്നങ്ങളുമായി ബന്ധിപ്പിക്കുക. മാൽകം എക്സ് പറഞ്ഞു: "അമേരിക്കക്കാർ ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ ബാധ്യസ്ഥരാണ്. കാരണം വംശീയ ചിന്താഗതിയിൽനിന്ന് അവരെ മോചിപ്പിച്ച മതം ഇസ്‌ലാമാണ്."

എയിഡ്സ്, മയക്കുമരുന്ന്, കൗമാരപ്രായക്കാരുടെ ഗർഭധാരണം, ഏകാന്തത, കുടുംബ തകർച്ച തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കാനും പാശ്ചാത്യരുടെ ആത്മീയശൂന്യതക്ക് ശമനം കാണാനും സാധിക്കുമെന്നതിനാൽ, ഇസ്‌ലാമിന്റെ സന്ദേശം സ്വീകരിക്കാൻ കൂടുതൽ പേർ തയാറായേക്കും.

8. ദഅ്‌വയുടെ അഭിസംബോധന യുവജനങ്ങളെയും നിരീശ്വരവാദികളെയും മറ്റും ഉൾക്കൊള്ളുന്ന വിധം വിപുലമാക്കണം. ജൂത-ക്രൈസ്തവ-ഹൈന്ദവ വിശ്വാസികളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയാണ് ദഅ്‌വാ പ്രവർത്തനത്തിന്റെ പതിവുരീതി. അവർക്ക് ഏതെങ്കിലും ഒരു ദൈവത്തിലെങ്കിലും വിശ്വാസമുണ്ടല്ലോ. ഒരു ദൈവത്തിലും വിശ്വസിക്കാത്തവരാണ് നാസ്തികർ. അവരെ പ്രബോധിതരായി ഉൾപ്പെടുത്തണം.

മതനിരാസത്തിന്റെയും നാസ്തിക ചിന്താധാരകളുടെയും കടന്നാക്രമണങ്ങൾക്ക് ഏറ്റവും കൂടുതൽ വിധേയമാവുന്നത് വിദ്യാർഥികളായതിനാൽ അവരെയും മുഖ്യ അഭിസംബോധിതരായി കാണണം.

9 മുൻധാരണകൾ ഒഴിവാക്കുക എന്നതാണ് മറ്റൊരു തത്ത്വം. പ്രബോധിത സമൂഹത്തിന്റെ വിശ്വാസാചാരങ്ങളെ കുറിച്ചല്ല പ്രബോധകർ പറയേണ്ടത്. എന്നാൽ അവരുടെ മതവിശ്വാസത്തെക്കുറിച്ച് ആഴത്തിൽ അറിവു നേടുന്നത് അവരിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള നല്ലൊരു വഴിയുമാണ്. ഉദാഹരണത്തിലൂടെ വ്യക്തമാക്കാം: ക്രൈസ്തവ-ഹൈന്ദവ സഹോദരന്മാർ ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാൻ താൽപര്യം പ്രകടിപ്പിക്കുമ്പോൾ, അവരോട് ത്രിയേകത്വത്തെക്കുറിച്ചോ ബഹുദൈവവിശ്വാസത്തെക്കുറിച്ചോ സംസാരിക്കുന്നതിൽ അർഥമില്ല. ചിലപ്പോൾ നിങ്ങൾ എന്താണ് സംസാരിക്കുന്നത് എന്നുതന്നെ അവർക്ക് മനസ്സിലാവണമെന്നില്ല. കാരണം പലരും അവരവരുടെ മതത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തവരാണ്. സ്വന്തം മതത്തിന്റെ പല തത്ത്വങ്ങളും അവർ അംഗീകരിച്ചുകൊള്ളണമെന്നുമില്ല. ഇതെല്ലാം മുമ്പിൽ കണ്ടുകൊണ്ടുവേണം പ്രബോധിതസമൂഹത്തോട് സംസാരിക്കാൻ.

10. ഭാഷയുടെ ശരിയായ ഉപയോഗം ദഅ്‌വാ പ്രവർത്തനത്തിൽ മഹത്തായ പങ്ക് വഹിക്കുന്നുണ്ട്. ഉദാഹരണമായി ജിഹാദിന് ചിലർ 'വിശുദ്ധ യുദ്ധം' എന്നു വിവർത്തനം ചെയ്യാറുണ്ട്. പകരം സമരം, അധ്വാനപരിശ്രമം തുടങ്ങി കൂടുതൽ സമഗ്രമായ പദങ്ങൾ ഉപയോഗിക്കുന്നതാവും ഉത്തമം.

11. സാമാന്യവത്കരണം ഒഴിവാക്കുക. ഒരു ആശയം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയാണല്ലോ പ്രബോധകൻ. ഒരാളെ മാറ്റുക എന്നതിനല്ല, അയാളുമായി ആശയങ്ങൾ പങ്കിടുക എന്നതിനാണ് ഊന്നൽ നൽകേണ്ടത്. പ്രബോധിതൻ വിഭ്രാന്തിയിലകപ്പെടാൻ ഇടവരരുത്. കർശനമായ ഫത്‌വകൾ പുറപ്പെടുവിച്ചുള്ള സാമാന്യവത്കരണം പ്രബോധന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കും. 'ഇന്നത്തെ ക്രിസ്ത്യാനികളെല്ലാം പ്രയോഗത്തിൽ നാസ്തികരാണ്', 'ജൂതന്മാരെല്ലാം മർദകരാണ്', 'ഹിന്ദുക്കളെല്ലാം ഇസ്‌ലാമിനെ വെറുക്കുന്നു' എന്നിത്യാദി സാമാന്യവത്കരണങ്ങൾ ഏറെ ദോഷം ചെയ്യും. എല്ലാ സമൂഹങ്ങളിലും നന്മ കാംക്ഷിക്കുന്ന ജനങ്ങളുണ്ട്. വാസ്തവവിരുദ്ധമായ സാമാന്യവത്കരണങ്ങൾ പ്രബോധന പ്രവർത്തനങ്ങൾക്ക് വിഘാതമായിത്തീരും.

12 സ്ത്രീ-പുരുഷ ലിംഗനീതിയെക്കുറിച്ചും മറ്റും നല്ല ധാരണ ഉണ്ടായിരിക്കണം. വളരെ ചെറിയൊരു വിഭാഗം മുസ്‌ലിംകൾ സ്ത്രീകളെ വീടുകളിൽ ബന്ധിതരാക്കി ജാഹിലിയ്യാ സമ്പ്രദായം കൊണ്ടുനടക്കുന്നുണ്ടെങ്കിലും, സ്ത്രീവിമോചനത്തിന് ചരിത്രത്തിൽ ആദ്യമായി ശക്തിപകർന്ന മതം ഇസ്‌ലാമായിരുന്നു എന്ന കാര്യം പ്രബോധകർ എടുത്തു കാട്ടണം. ഇസ്‌ലാമിലെ സ്ത്രീ വിമോചനവും കൊട്ടിഘോഷിക്കപ്പെടുന്ന പാശ്ചാത്യ സ്ത്രീവിമോചനത്തിന്റെ പൊള്ളത്തരവും വ്യക്തമാക്കിക്കൊടുക്കാൻ കഴിയണം. ബഹുഭാര്യാത്വത്തിന്റെ മേന്മകളെക്കുറിച്ച് വാചാലരാവുന്നത് ഇനിയെങ്കിലും നിർത്തണമെന്നാണ് അഭിപ്രായം. ലോകത്താകമാനം വളരെക്കുറഞ്ഞ മുസ്‌ലിംകളേ ബഹുഭാര്യാത്വം സ്വീകരിക്കുന്നുള്ളൂ. അതിനാൽ ദഅ്‌വാ പ്രവർത്തനത്തിന്റെ അജണ്ടയിൽ വരുന്നതല്ല ഈ വിഷയം.

മനുഷ്യർ മുമ്പെങ്ങുമില്ലാത്തവിധം ആത്മീയതയുടെ അന്വേഷണപാതയിലാണ്. ജീവിതത്തിനു ദിശയും ലക്ഷ്യവും കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണവർ. അതുകൊണ്ട് ഇസ്‌ലാമിനെ ഏതെങ്കിലും കമ്പാർട്ട്മെന്റുകളിൽ തളച്ചിടാതിരിക്കാൻ നാം ശ്രദ്ധിക്കുക.

**വിവ: ഇബ്റാഹീം ശംനാട്**